പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2127 — 18.03.2015-ൽ മറുപടിയ്ക്ക്

# ബാലുശ്ശേരി മണ്ഡലത്തിലെ കിനാലൂരിൽ 110 കെ. വി. സബ്സ്റ്റേഷൻ.

| ചോദ്യം<br>ശ്രീ. പുരുഷൻ കടലുണ്ടി : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
|---|---|
| (എ) ബാലുശ്ശേരി അസംബ്ളി മണ്ഡലത്തിലെ കിനാലൂരിൽ കെ. എസ്. ഐ. ഡി. സി. വ്യവസായ വികസന കേന്ദ്രത്തിൽ 110 കെ. വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമായിട്ടുണ്ടോ ; | (എ) ഭൂമി ലഭ്യമാക്കാനുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്നു. |
| (ബി) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് കെ. എസ്. ഐ. ഡി. സി പണമടച്ചിട്ടുണ്ടോ ; | (ബി) കെ.എസ്.ഐ.ഡി.സി. ആദ്യ ഗഡുവായ 131 ലക്ഷം രൂപ അടച്ചിട്ടുണ്ട്. |
| (സി) സബ്സ്റ്റേഷനിലേക്കുള്ള 110 കെ. വി. ലൈൻ നിർമ്മിക്കുന്നതിന് സർവ്വെ പൂർത്തിയായോ ; നിലവിലെ ഏത് ടവറിൽ നിന്നാണ് ലൈൻ വലിക്കുന്നത് ; | (സി) പ്രാഥമിക സർവ്വേ പുരോഗമിക്കുന്നു. സർവ്വേ പൂർത്തിയായ ശേഷമേ ഏതു ടവറിൽ നിന്ന് ലൈൻ വലിക്കാൻ കഴിയുമെന്ന് തീരുമാനിക്കാനാവൂ. |
| (ഡി) സബ്സ്റ്റേഷൻ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും പ്രതിസന്ധി നിലനിൽക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ; | (ഡി) ബാധകമല്ല. |
| (ഇ) നിർമ്മാണ പ്രവൃത്തി എപ്പോൾ തുടങ്ങുമെന്ന് പ്രഖ്യാപിക്കാമോ ; | (ഇ) സർവ്വേ പൂർത്തീകരിക്കുകയും ഭൂമി ഏറ്റെടുക്കുകയും ചെയ്തു കഴിഞ്ഞാൽ പ്രാരംഭ നിർമ്മാണ പ്രവൃത്തികൾ തുടങ്ങാവുന്നതാണ്. |
| (എഫ്) പ്രസ്തുത സബ്സ്റ്റേഷൻെറ സമയ ബന്ധിതമായ നിർമ്മാണത്തിനു ഒരു സ്പെഷ്യൽ ടീം/ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കാമോ ? | (എഫ്) ലൈൻ നിർമ്മാണവും സബ്സ്റ്റേഷൻ നിർമ്മാണവും വടകര ട്രാൻസ്മിഷൻ ഡിവിഷന്റെ കീഴിലുള്ള വടകര ട്രാൻസ്മിഷൻ കൺസ്ട്രക്ഷൻ സബ്ഡിവിഷൻ ഓഫീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.